# പതിനഞ്ചാം കേരള നിയമസഭ

പത്താം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2024 ജനുവരി 29, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

1 (*1) സർക്കാർ ആശുപത്രികളിലെ മരുന്നുക്ഷാമം പരിഹരിക്കാൻ നടപടി

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) നൽകിയ മറുപടിയിൽ, സർക്കാർ ആശുപത്രികളിൽ കെ.എം.എസ്.സി.എൽ. മുഖേന ലഭ്യമാക്കുന്ന എസൻഷ്യൽ ഡ്രഗ് ലിസ്റ്റ് (EDL) പ്രകാരമുള്ള മരുന്നുകൾ സ്റ്റോക്കുണ്ടെന്ന് ഉറപ്പാക്കുന്നുണ്ടെന്നും സ്ഥാപനങ്ങളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും മരുന്നുവിതരണം തടസ്സപ്പെട്ടിട്ടില്ലെന്നും സഭയെ അറിയിച്ചു. വാർഷിക ഇൻഡന്റ് പ്രകാരം ഒരു വർഷത്തേയ്ക്ക് നൽകിയ മരുന്നുകൾ

ഉപയോഗിച്ചുകഴിയുകയും കെ.എം.എസ്.സി.എൽ. വിതരണം ചെയ്യാത്ത മരുന്നുകൾ ആവശ്യമായി വരികയും ചെയ്യുമ്പോൾ ലോക്കൽ പർച്ചേസിലൂടെയും വിവിധ സ്കീമുകളിലൂടെയും അവശ്യ മരുന്ന് ലഭ്യമാക്കുന്നുണ്ട്. മരുന്നുകളുടെ ആവശ്യകത കണക്കാക്കി ഇൻഡന്റ് തയ്യാറാക്കി കെ.എം.എസ്.സി.എൽ.-ന് നൽകുകയും മരുന്ന് സംഭരണം സംബന്ധിച്ച കലണ്ടർപ്രകാരം നടപടിക്രമങ്ങൾ പാലിച്ച് സുതാര്യമായ ഇ-ടെണ്ടർ നടപടികളിലൂടെ മരുന്ന് ബന്ധപ്പെട്ട ആരോഗ്യ സ്ഥാപനങ്ങളിൽ എത്തിക്കുകയും ചെയ്യുന്നുണ്ട്. ആശുപത്രികളിലുള്ള മരുന്നിന്റെ സ്റ്റോക്ക് 30 ശതമാനം ആകുമ്പോൾത്തന്നെ ഇൻഡന്റ് പ്രകാരം അടുത്ത ബാച്ച് വെയർഹൗസുകളിൽനിന്ന് എത്തിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടെന്നും വിതരണം പൂർത്തിയാകുമ്പോൾ അധികമായി 25 ശതമാനം കൂടി കെ.എം.എസ്.സി.എൽ. വഴി ലഭ്യമാക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. മെച്ചപ്പെട്ട ചികിത്സയും ഗുണനിലവാരമുള്ള മരുന്നുകളും ലഭ്യമാക്കിയതിലൂടെ സർക്കാർ ആശുപത്രികളെ സമീപിക്കുന്ന രോഗികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവുമൂലം ചിലയിനം മരുന്നുകൾ വാർഷിക ഇൻഡന്റ് പ്രകാരമുള്ളതിനേക്കാൾ കൂടുതൽ വിതരണം ചെയ്തിട്ടുണ്ട്. ഇൻഡന്റ് പ്രകാരം അനുവദനീയമായതും അധികമായുമുള്ള 25 ശതമാനവും വിതരണം

ചെയ്ത് തീരുകയും EDL ലിസ്റ്റിൽ ഉൾപ്പെടാത്തതുമായ മരുന്നുകൾ കാരുണ്യ ഫാർമസി മുഖേന ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അത്യാവശ്യ മരുന്നുകൾ ഇന്റർ ഇൻസ്റ്റിറ്റ്യൂഷൻ ട്രാൻസ്ഫർ വഴി ലഭ്യമാക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ബുധനാഴ്ചകളിൽ ആസ്ഥാന കാര്യാലയത്തിലേയും ജില്ലാ മരുന്ന് സംഭരണശാലയിലേയും ഉദ്യോഗസ്ഥർ അവലോകയോഗം ചേരുകയും മരുന്നുകളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെയും ആരോഗ്യ വകുപ്പിന്റെയും കീഴിലുള്ള ആശുപത്രികളിൽ നിരന്തര പരിശോധനയും അവലോകനവും നടത്തി മരുന്നുകളുടെ ലഭ്യതക്കുറവ് പരിഹരിച്ചുവരുന്നുണ്ട്. മരുന്നുകളുടെ ലഭ്യതയും വിതരണവും DDMS സോഫ്റ്റ്‌വെയറിലൂടെ പരിശോധിക്കുന്നുണ്ടെന്നും കിടപ്പുരോഗികൾക്ക് ഉൾപ്പെടെ കാരുണ്യ പദ്ധതി വഴി സൗജന്യമായും എൽ.എസ്.ജി.ഡി പ്രോജക്ട്, സാന്ത്വന പരിചരണ പദ്ധതി എന്നിവ പ്രകാരവും ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നുണ്ടെന്നും ജനറിക് മരുന്നുകൾ മാത്രമേ കുറിക്കാവൂവെന്ന് ഡോർക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

2(*2) കേരളീയം 2023-ന്റെ നേട്ടങ്ങൾ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, സാമൂഹിക വികാസത്തിലും വ്യാവസായിക മുന്നേറ്റത്തിലും നൂതന സാങ്കേതിക വിദ്യാ രംഗത്തും അടിസ്ഥാന സൗകര്യ വികസനത്തിലും കേരളം കൈവരിച്ച നേട്ടങ്ങൾ ലോകത്തിനുമുമ്പിൽ അവതരിപ്പിക്കുന്നതിനായാണ് 'കേരളീയം' പരിപാടിക്ക് രൂപം നൽകിയതെന്ന് സഭയെ അറിയിച്ചു. ലോകം ചർച്ച ചെയ്ത കേരള മാതൃക, സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ, ഭാവി കേരളത്തെ സംബന്ധിച്ചുള്ള ആലോചനകൾ എന്നിവ കേരളീയത്തിന്റെ ഉദ്ദേശ്യമാണ്. കേരളത്തിന്റെ പാരമ്പര്യവും സംസ്കാരവും തന്മയ ഭാവത്തോടെ അവതരിപ്പിക്കുന്ന വികസന സാംസ്കാരിക മഹോത്സവമായി കേരളീയം മാറിയെന്നും ഇതിന്റെ ഭാഗമായി സംഘടിപ്പിച്ച സംവാദങ്ങളിലും സെമിനാറുകളിലും ഉയർന്നുവന്ന ആശയങ്ങളും അഭിപ്രായങ്ങളും നവകേരള നിർമ്മിതിക്കുള്ള മാർഗ്ഗരേഖകളായി മാറുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. നമ്മുടെ വികസന മാതൃകകൾ ലോകത്തിനുമുമ്പാകെ അവതരിപ്പിക്കുന്നതോടൊപ്പം ലോക വൈജ്ഞാനിക മേഖലയിൽനിന്ന് പുതിയ ആശയങ്ങൾ സ്വാംശീകരിക്കാൻ 'കേരളീയം' പരിപാടി സഹായകമാകുമെന്നും അത്ഭുതപൂർവ്വമായ

ജനപങ്കാളിത്തവും അനുകൂലമായ പൊതുജനാഭിപ്രായവും പരിഗണിച്ച് വരുംവർഷങ്ങളിലും കേരളീയം പരിപാടി സംഘടിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ടൂറിസത്തിന് പ്രാധാന്യം നൽകിക്കൊണ്ട് 'കേരളീയം 2024' സംഘടിപ്പിക്കുന്നതാണെന്നും അതിനായി ചീഫ് സെക്രട്ടറി ചെയർമാനായി ഓർഗനൈസിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

3(*3) <u>കെ-സ്മാർട്ട് പദ്ധതി</u>

തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) നൽകിയ മറുപടിയിൽ, തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന വിവിധ സേവനങ്ങൾ ഓൺലൈനായി ഒറ്റ പ്ലാറ്റ്ഫോമിലൂടെ ലഭ്യമാക്കുന്നതിനുള്ള കെ-സ്മാർട്ട് പദ്ധതി നഗരഭരണ സ്ഥാപനങ്ങളിൽ 2024 ജനുവരി 1 മുതൽ നടപ്പിലാക്കിയിട്ടുണ്ടെന്നും ജനന-മരണ-വിവാഹ രജിസ്ട്രേഷൻ, ബിൽഡിംഗ് പെർമിഷൻസ്, പ്രോപ്പർട്ടി ടാക്സ്, ലൈസൻസ്, പരാതി പരിഹാരം, എച്ച്.ആർ.എം.എസ്., ഡിജിറ്റൽ ഫയൽ മാനേജ്മെന്റ്, ഫിനാൻസ് എന്നീ മൊഡ്യൂളുകൾ വഴി 72 സേവനങ്ങളാണ് ആദ്യഘട്ടത്തിൽ ലഭ്യമാക്കിയിട്ടുള്ളതെന്നും സഭയെ അറിയിച്ചു. ഓൺലൈനിൽ സമർപ്പിക്കുന്ന അപേക്ഷയുടെ രസീത് അപ്പോൾ തന്നെ ലഭ്യമാകുന്നതും അപേക്ഷയുടെ

തൽസ്ഥിതി ഡാഷ് ബോർഡിൽ ലഭ്യവുമാണ്. 'എന്റെ കെട്ടിടങ്ങൾ' എന്ന മെനുവിലൂടെ ജനങ്ങൾക്ക് സ്വന്തം കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ എളുപ്പത്തിൽ ലഭിക്കുമെന്നും സർട്ടിഫിക്കറ്റുകളും സാക്ഷ്യപത്രങ്ങളും ഓൺലൈനായി എടുക്കുന്നതിനോടൊപ്പം നികുതികൾ അടയ്ക്കുന്നതിനും സാധിക്കുമെന്നും മന്ത്രി വ്യക്തമാക്കി. കെട്ടിട നിർമ്മാണം പൂർത്തീകരിക്കുമ്പോൾ മറ്റൊരു അപേക്ഷ കൂടാതെ നികുതി നിർണ്ണയം നടക്കുകയും കെട്ടിട നമ്പറും ബിൽഡിംഗ് സർട്ടിഫിക്കറ്റും ലഭ്യമാകുകയും ചെയ്യുന്നതാണ്. ഓൺലൈനായി ലഭിക്കുന്ന ബിൽഡിംഗ് സർട്ടിഫിക്കറ്റ് ഉപയോഗിച്ച് കെട്ടിടത്തിന്റെ കാലപ്പഴക്കം, വിലാസം, ഉടമയുടെയും കൈവശക്കാരന്റെയും വിവരങ്ങൾ, നികുതി വിവരങ്ങൾ, കെട്ടിടത്തിന്റെ തരം എന്നിവ തെളിയിക്കാനും സ്വന്തം ഉടമസ്ഥതയിലുള്ള എല്ലാ കെട്ടിടങ്ങളുടെയും നികുതികൾ ഒരുമിച്ച് അടവാക്കാനും സാധിക്കുന്നതാണ്. കെ-സ്മാർട്ട് നടപ്പിലാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഐ.കെ.എം സാങ്കേതിക വിഭാഗം ജീവനക്കാരുടെ നേതൃത്വത്തിൽ Facilitation സെന്ററുകൾ മുഖേന പൊതുജനങ്ങൾക്ക് ആവശ്യമായ വിവരങ്ങളും പരിശീലനങ്ങളും നൽകുന്നുണ്ട്. അക്ഷയ സെന്ററുകളും ഐ.കെ.എമ്മിന്റെ റാപിഡ് റെസ്പോൺസ് ടീമിന്റെ നേതൃത്വത്തിലുള്ള ഹെൽപ്ഡെസ്ക്

സംവിധാനവും പൊതുജനങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകുന്നതിന് സജ്ജമാണ്. കുടുംബശ്രീയുടെ സേവനം ഫെസിലിറ്റേഷൻ സെന്ററിൽ ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. കെ-സ്മാർട്ട് സംബന്ധിച്ച വീഡിയോ ട്യൂട്ടോറിയലുകൾ, ചോദ്യോത്തരങ്ങൾ അടങ്ങുന്ന ലഘുലേഖകൾ എന്നിവ ഐ.കെ.എം-ന്റെ വെബ്സൈറ്റിലും അർബൻ ലോക്കൽ ബോഡികളിലും പ്രദർശിപ്പിച്ചിട്ടുണ്ടെന്നും ഇ-ലിറ്ററസിയുടെ ഭാഗമായുള്ള ക്യാമ്പയിനിൽ കൂടുതൽ പരിശീലനങ്ങൾ ഉൾപ്പെടുത്തി എല്ലാ പൗരന്മാരെയും കെ-സ്മാർട്ട് ഉപയോഗിക്കുന്നതിന് സ്വയംപര്യാപ്തരാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പൗര സേവനങ്ങൾ കൂടാതെയുള്ള സേവനങ്ങളും തുടർന്ന് കെ-സ്മാർട്ട് വഴി ലഭ്യമാകുമെന്നും വസ്തു നികുതി പരിഷ്കരണ നടപടി പൂർത്തിയാക്കി ഡിജിറ്റൽ സൈൻ ചെയ്ത കെട്ടിടങ്ങളുടെ വിവരങ്ങളാണ് കെ-സ്മാർട്ടിൽ ലഭ്യമാക്കിയിട്ടുള്ളതെന്നും ബാക്കിയുള്ളവയെക്കൂടി ഇതിലേയ്ക്ക് മാറ്റാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും തദ്ദേശഭരണ സ്ഥാപനങ്ങളിലെ അഴിമതി അവസാനിപ്പിക്കുന്നതിനും അവയുടെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനുമുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുമെന്നും മറ്റ് വകുപ്പുകളുമായുള്ള സംയോജനത്തിനുള്ള നടപടി

സ്വീകരിച്ചുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

4(*4) ഓൺലൈൻ ലോൺ ആപ്പുകളുടെ പ്രവർത്തനം നിയന്ത്രിക്കാൻ നടപടി

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, സൈബർ ഓപ്പറേഷൻസ് ഹെഡ് ക്വാർട്ടേഴ്സും സൈബർ ഡോം യൂണിറ്റുകളും സൈബർ പട്രോളിംഗിൽ കണ്ടെത്തിയ 330 അനധികൃത ഓൺലൈൻ ആപ്പുകളിൽ 158 എണ്ണം ഐ.ടി. ആക്ട് പ്രകാരം നീക്കം ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. അനധികൃത നിക്ഷേപ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നവരെയും പ്രചരണം നടത്തുന്നവരെയും സ്പെഷ്യൽ ബ്രാഞ്ച് പോലീസ് നിരീക്ഷിച്ച് വരുന്നതോടൊപ്പം മുൻകരുതലുകൾ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ടവരെ അറിയിക്കുന്നുമുണ്ട്. സൈബർ ക്രൈമുകളുടെ അന്വേഷണം സംസ്ഥാനത്ത് ഉറപ്പുവരുത്തുന്നതിന് പ്രത്യേക സൈബർ പോലീസ് ഡിവിഷൻ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടെന്നും ഇത്തരം കുറ്റകൃത്യങ്ങളിൽപ്പെട്ട വസ്തുക്കളുടെ പരിശോധനയ്ക്കുതകുന്ന നൂതന സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ സംവിധാനങ്ങൾ എല്ലാ സൈബർ ഡിവിഷനുകളിലും സജ്ജമാക്കിയിട്ടുണ്ടെന്നും നിയമവിരുദ്ധ ക്രയവിക്രയങ്ങൾ സംസ്ഥാന

പോലീസ് സൈബർഡോം വികസിപ്പിച്ച Grapnel സോഫ്റ്റ്‌വെയർ ഉപയോഗിച്ച് കണ്ടെത്തുന്നതിന് സാധിക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. ഓൺലൈൻ ലോൺ ആപ്പ് തട്ടിപ്പ് കേസുകളിൽ ഇന്ത്യൻ പീനൽ കോഡിലേയും ഇൻഫർമേഷൻ ടെക്നോളജി ആക്ടിലെയും വകുപ്പുകൾ പ്രകാരം നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. അനധികൃത ഓൺലൈൻ ലോൺ ആപ്പുകൾ സാമൂഹ്യമാധ്യമങ്ങളിൽനിന്നും നീക്കം ചെയ്യാത്തവയുടെ ഇന്റർനെറ്റ് ആക്സസ്സ് തടയുന്നതിനും അതുവഴി പൊതുജനങ്ങളെ തട്ടിപ്പുകളിൽനിന്നും സംരക്ഷിക്കുന്നതിനുമായി പോലീസിലെ സൈബർ ഓപ്പറേഷൻ വിഭാഗം ഐ.ടി. ആക്ട് പ്രകാരം ഇന്ത്യ ഗവണ്മെന്റിന്റെ ഇലക്ട്രോണിക്സ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയത്തിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഓൺലൈൻ ലോൺ തട്ടിപ്പുകളെക്കുറിച്ച് വിവരം നൽകുന്നതിനായി കേരള പോലീസിന്റെ വാട്സ്ആപ്പ്/ടോൾ ഫ്രീ നമ്പറുകൾ 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നുണ്ട്. തട്ടിപ്പിനിരയായി സാമ്പത്തിക നഷ്ടം സംഭവിക്കുന്നവർക്ക് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന നാഷണൽ സൈബർ ക്രൈം പോർട്ടലിൽ പരാതി രജിസ്റ്റർ ചെയ്യുന്നതിനുള്ള പ്രത്യേക സംവിധാനം നിലവിലുണ്ട്. ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ ഉൾപ്പെടെയുള്ള സൈബർ കുറ്റകൃത്യങ്ങളുടെ

അന്വേഷണത്തിന് കണ്ണൂർ റൂറൽ ഒഴികെ എല്ലാ പോലീസ് ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. പൊതുജനങ്ങൾക്ക് സുരക്ഷിത പണമിടപാടുകളെ സംബന്ധിച്ച അവബോധം വിവിധ പ്രചരണ മാർഗ്ഗങ്ങളിലൂടെ നൽകിവരുന്നുണ്ട്. സൈബർ സുരക്ഷ, ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ, ഓൺലൈൻ ആപ്പുകൾ സുരക്ഷിതമായി ഉപയോഗിക്കുന്നതിനുള്ള മുൻകരുതലുകൾ തുടങ്ങിയവ സംബന്ധിച്ച് സൈബർ പോലീസ് സ്റ്റേഷനുകൾ, ഹൈ-ടെക് ക്രൈം എൻക്വയറി സെൽ, സൈബർ ഡോം എന്നിവ മുഖേനയും കേരള പോലീസിന്റെ വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലൂടെയും ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ടെന്ന് ഉപചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.